ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ജലക്ഷാമം നേരിടാൻ നൂതന സാങ്കേതികവിദ്യ സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു.

   Prime Minister Narendra Modi said innovative technology should be adopted to tackle water scarcity in the country. The Prime Minister inaugurated the 'Jal Sanchay Jan Bhagidaari' project implemented in Gujarat for rainwater harvesting.

2. ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി, യൂറോപ്പിനും ഏഷ്യയ്ക്കുമിടയിലെ ചരക്ക് ഗതാഗതം മെച്ചപ്പെടുത്തുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ

   India-Middle East-Europe Economic Gateway will improve freight traffic between Europe and Asia said Union Minister Piyush Goyal

3. വെള്ളപ്പൊക്കം നാശം വിതച്ച ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങൾക്ക് എല്ലാ സഹായവും നല്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ

   Union Minister Shivraj Singh Chouhan assured all possible aids to the flood-hit states AndraPradesh and Telangana

4. സംസ്ഥാന സർക്കാരിൻറെ ഇടപെടലിലൂടെ രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറവുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

   Chief Minister Pinarayi Vijayan said that with the intervention of the state government, Kerala has been transformed into the least expensive state in the country.

5. പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യക്ക് വീണ്ടും സ്വർണത്തിളക്കം. പുരുഷൻമാരുടെ ഹൈജമ്പിൽ സ്വർണം നേടി പ്രവീൺ കുമാർ.

   India wins gold again at Paris Paralympics. Praveen Kumar won gold in men's high jump.

&&&&&&&&&&&&&&&&&&

## PRIME MINISTER – TEACHERS

¬ദേശീയ അധ്യാപക അവാർഡുകൾ ലഭിച്ച അധ്യാപകരുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയി ലെ വസതിയിൽ കൂടിക്കാഴ്ച നടത്തി. മാതൃഭാഷയിൽ വിദ്യാഭ്യാസം നേടേണ്ടതിൻ്റെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു. വിവിധ ഭാഷകളിൽ പ്രാദേശിക നാടോടിക്കഥകൾ പഠിപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് ഒന്നിലധികം ഭാഷകൾ പഠിക്കാനും ഇന്ത്യൻ സംസ്കാരത്തെ അടുത്തറിയാനും കഴിയുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അവാർഡ് ലഭിച്ച അധ്യാപകർ സാമൂഹ്യ മാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെടണമെന്നും അവരുടെ മികച്ച മാതൃകകൾ പങ്കിടണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അവാർഡ്

ജേതാക്കൾ തങ്ങളുടെ അധ്യാപന അനുഭവം പ്രധാനമന്ത്രിയുമായി പങ്കുവെച്ചു.

&&&&&&&&&&&&&&&&&&

## PM-JAL SANCHAY(INTRO)

രാജ്യത്ത് ജലക്ഷാമം നേരിടാൻ പുതിയതും നൂതനവുമായ സാങ്കേതികവിദ്യ സ്വീകരിക്കേണ്ട സമയമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജലസംരക്ഷണം ഒരു നയമെന്നതിനപ്പുറം സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു. വരും തലമുറകൾക്ക് സുസ്ഥിരമായ ഭാവി ഉറപ്പാക്കുന്നതിനുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളിലെ പൊതുജനപങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. *(ഹോൾഡ് വോയിസ്)*

ഗുജറാത്തിലുടനീളം 25,000-ത്തോളം മഴവെള്ള സംഭരണികൾ നിർമിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ജൽ സഞ്ചയ് ജൻ ഭാഗീദാരി പദ്ധതി. ഗുജറാത്ത് സർക്കാരും കേന്ദ്ര ജൽ ശക്തി മന്ത്രാലയവും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## EVE GOYAL MEDITERRANEAN

ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി, രാജ്യത്തിന്റെ സമുദ്ര സുരക്ഷ ശക്തിപ്പെടുത്തുമെന്നും യൂറോപ്പിനും ഏഷ്യയ്ക്കുമിടയിലുള്ള ചരക്ക് ഗതാഗതം വേഗത്തിലാക്കുമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്ത്യ ജി 20 അധ്യക്ഷത വഹിച്ചിരുന്ന കാലത്താണ് സാമ്പത്തിക ഇടനാഴി ആരംഭിച്ചതെന്നും ഇന്ത്യയും യൂറോപ്- മിഡിൽ ഈസ്റ്റ് രാജ്യങ്ങളുമായുമുള്ള സമന്വയമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-മെഡിറ്ററേനിയൻ ബിസിനസ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

## TELANGANA-FLOOD SIVRAJ

വെള്ളപ്പൊക്കം നാശം വിതച്ച ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങൾക്ക് എല്ലാ സഹായവും നല്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഉറപ്പുനൽകി. തെലങ്കാനയിലെ ഖമ്മം ജില്ലയിൽ വെള്ളപ്പൊക്കത്തിൽ നശിച്ച പ്രദേശങ്ങളിൽ അദ്ദേഹം വ്യോമ നിരീക്ഷണം നടത്തി. മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയുമായി കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തും. അതേസമയം സംസ്ഥാനത്തെ ചില ജില്ലകളിൽ വരും ദിവസങ്ങളിൽ കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. . ഇരു സംസ്ഥാനങ്ങളിലെയും

ദുരിതബാധിതർക്ക് പൂർണ്ണ പിന്തുണ നൽകാൻ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് ധനമന്ത്രാലയം നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## EVE AP-INDIAN ARMY FLOOD

ആന്ധ്രാപ്രദേശിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ ഇന്ത്യൻ നാവികസേന രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. നാവികസേനയുടെ ഹെലികോപ്റ്ററുകൾ വഴിയും സേനാനംഗങ്ങൾ നേരിട്ടും ഭക്ഷണ പൊതികൾ, മരുന്ന് , കുടിവെള്ളം എന്നിവ എത്തിക്കുന്നുണ്ട്. ഇതുവരെ 180-ലധികം പേരെ രക്ഷപ്പെടുത്തി.

സ്ഥിതിഗതി വിലയിരുത്താൻ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു പ്രളയബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തി. ബുഡമേരു നദീ തടങ്ങളിലെ കൈയേറ്റങ്ങൾ അദ്ദേഹം നേരിട്ട് പരിശോധിച്ചു. . കൂടാതെ, കൃഷ്ണ നദി കടലിൽ ചേരുന്ന പ്രദേശത്തെ സ്ഥിതിയും അദ്ദേഹം അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

## GIRIRAJ-TECHNICAL TEXTILES

ടെക്നിക്കൽ ടെക്സ്റ്റൈൽസ് മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമായി കേന്ദ്രസർക്കാർ ആയിരത്തി നാനൂറ് കോടി രൂപ അനുവദിച്ചതായി കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ്. ഉത്പാദന ബന്ധിത ആനുകൂല്യ പദ്ധതിയിലേക്കായി പതിനായിരം കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിക്സിത് ഭാരത്-ടെക്നിക്കൽ ടെക്സ്റ്റൈൽസ് ഫോർ സസ്റ്റെയ്നബിൾ ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ് എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എയ്റോസ്പേസ്, പ്രതിരോധം, ശുചിത്വം, കൃഷി തുടങ്ങിയ മേഖലകളിൽ ടെക്നിക്കൽ ടെക്സ്റ്റൈൽ ഉൽപന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയാണെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## CONG – VINESH & BAJRANG

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗുസ്തി താരങ്ങളായ ബജ്റംഗ് പുനിയയും വിനേഷ് ഫോഗട്ടും ഇന്ന് കോൺഗ്രസിൽ ചേർന്നു. പാർട്ടി ജനറൽ സെക്രട്ടറി കെസി വേണുഗോപാൽ, ദീപക് ബവാരിയ എന്നിവരുടെ സാന്നിധ്യത്തിലാണ് അംഗത്വം സ്വീകരിച്ചത്. സ്ത്രീകൾക്കൊപ്പം നിൽക്കുന്നതിനാലാണ് താൻ കോൺഗ്രസിൽ ചേർന്നതെന്ന് വിനേഷ് ഫോഗട്ട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## CONSUMER FED

രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്നും സർക്കാർ ഇടപെടലിലൂടെയാണ് ഇത് സാധ്യമായതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സഹകരണമേഖല നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ നേതൃത്വം നൽകുന്ന ഓണാഘോഷങ്ങൾ മാത്രമാണ് ഇക്കുറി ഒഴിവാക്കിയിട്ടുള്ളതെന്നും മറ്റ് പരിപാടികൾ നടത്തുമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. നാളെ മുതൽ ഈ മാസം 14 വരെ 1500 കേന്ദ്രങ്ങളിലാണ് ഓണം വിപണി പ്രവർത്തിക്കുക.

&&&&&&&&&&&&&&&&&&

## ATHAM

കേരളത്തിൻറെ സാംസ്കാരിക വൈവിധ്യവും, കലാപാരമ്പര്യവും വിളിച്ചോതുന്ന അത്തച്ചമയ ഘോഷയാത്രയ്ക്ക് വേദിയായി തൃപ്പൂണിത്തുറയിലെ നഗരവീഥികൾ. സ്പീക്കർ എ എൻ ഷംസീർ ഘോഷ യാത്ര ഉദ്ഘാടനം ചെയ്തു. മതത്തിൻറെയും ജാതിയുടെയും വേലിക്കെട്ടുകൾ ഇല്ലാത്ത, സമഭാവനയുടെയും,

സ്നേഹത്തിൻറെയും സഹിഷ്ണുതയുടെയും ആഘോഷമാണ് ഓണം എന്ന് അദ്ദേഹം പറഞ്ഞു. വയനാട് ദുരന്തബാധിതരെ അനുസ്മരിച്ചുകൊണ്ടാണ് ഇത്തവണ അത്തം ഘോഷയാത്ര അരങ്ങേറിയത്.

&&&&&&&&&&&&&&&&&&

## GEORGE KURIYAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കേരളത്തിലെത്തും. പാലക്കാട് ജില്ലയിലെ പ്രാദേശിക പരിപാടിയിൽ പങ്കെടുത്ത ശേഷം ഉച്ചയോടെ അദ്ദേഹം കോഴിക്കോടെത്തും. വൈകുന്നേരം നാലിന് എൻഐടി കാലിക്കട്ടിൽ നടക്കുന്ന 20-ാമത് ബിരുദദാന ചടങ്ങിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. ഞായറാഴ്ച തിരുവന്തപുരം വിമാനത്താവളത്തിൽ നിന്നും അദ്ദേഹം ഡൽഹിയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&

## PARALYMPICS-INTRO

പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യക്ക് സ്വർണത്തിളക്കം. പുരുഷൻമാരുടെ ഹൈജമ്പിൽ പ്രവീൺ കുമാറാണ് ഇന്ത്യക്കായി സ്വർണം നേടിയത്. മെഡൽ നേട്ടത്തിൽ താരത്തെ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു.

വിശദാംശങ്ങളിലേക്ക്

(വോയിസ്)

**&&&&&&&&&&&&&&&&&&**

**PARALYMPICS-VOICE**

2.08 മീറ്റർ ഉയരത്തിൽ ചാടിയാണ് പ്രവീൺ കുമാർ സ്വർണം സ്വന്തമാക്കിയത്. ഏഷ്യൻ റെക്കോർഡോടെയാണ് താരത്തിൻറെ മെഡൽ നേട്ടം. ഇതോടെ 6 സ്വർണം ഉൾപ്പെടെ ഇന്ത്യയുടെ മെഡലുകളുടെ എണ്ണം 26 ആയി. അത്‌ലറ്റിക്സിലും പവർലിഫ്റ്റിംഗിലും ഇന്ന് രാത്രി നടക്കുന്ന മത്സരങ്ങളിലും ഇന്ത്യക്ക് മെഡൽ പ്രതീക്ഷയുണ്ട്. വനിതകളുടെ പവർലിഫ്റ്റിംഗ് 67 കിലോ വിഭാഗം ഫൈനലിൽ കസ്തൂരി രാജാമണി മത്സരിക്കും. വനിതകളുടെ ജാവലിൻ ത്രോ എഫ് 46 വിഭാഗം ഫൈനലിൽ ഭാവന ബെൻ ചൗധരി മാറ്റുരയ്ക്കും. പുരുഷന്മാരുടെ ഷോട്ട് പുട്ട് F56,F57 വിഭാഗം ഫൈനൽ മത്സരങ്ങളിൽ സോമൻ റാണയും ഹൊക്കാറ്റോ സെമയും ഇന്ന് കളത്തിലിറങ്ങും. അതേസമയം, പുരുഷന്മാരുടെ 400 മീറ്റർ ഓട്ടം T47 വിഭാഗം ഫൈനലിലേക്ക് ദിലീപ് ഗാവിറ്റ് യോഗ്യത നേടി.

ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&&&&&**

**WRESTLING- U20 GOLD**

സ്പെയിനിൽ നടക്കുന്ന അണ്ടർ - 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് സ്വർണ്ണം. വനിതകളുടെ 76

കിലോഗ്രാം ഫ്രീസ്റ്റൈൽ ഇനത്തിൽ ജ്യോതി ബെർവാൽ യുക്രൈൻ താരത്തെ പരാജയപ്പെടുത്തിയാണ് സ്വർണ മെഡൽ നേടിയത്. അണ്ടർ - 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം സ്വർണമെഡൽ നേട്ടമാണിത്. കഴിഞ്ഞ വർഷം പ്രിയ മാലിക്ക് ഇതേ ഇനത്തിൽ സ്വർണ്ണം നേടിയിരുന്നു.

&&&&&&&&&&&&&&&&&&

## M V GOVINDAN

പി വി അൻവർ എം.എൽ.എ യുടെ പരാതി പരിശോധിക്കേണ്ടത് സർക്കാരാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. ഡിജിപിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് കേസ് പരിശോധിക്കുന്നത്. പാർട്ടി തലത്തിൽ പരിശോധിക്കേണ്ടതുണ്ടെങ്കിൽ അതുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDIA MALDIVES

ഇന്ത്യയും മാൽദീവ്സും തമ്മിലുള്ള അഞ്ചാമത് പ്രതിരോധ സഹകരണ സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യൻ സംഘത്തെ പ്രതിരോധ സെക്രട്ടറി ഗിരിധർ അരമനെയും മാൽദീവ്സ് സംഘത്തെ മാൽദീവ്സ് കരസേനാ മേധാവി ജനറൽ ഇബ്രാഹിം ഹിൽമിയുമാണ്

നയിച്ചത്. പ്രതിരോധ മേഖലയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം സംബന്ധിച്ച് ചർച്ച നടന്നതായി ഗിരിധർ അരമനെ അറിയിച്ചു. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ സ്ഥിരതയും സമൃദ്ധിയും ഉറപ്പാക്കാൻ ചർച്ച സഹായകമായെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## SC GHOSH BAIL DENY

ആർജികർ മെഡിക്കൽ കോളെജിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച സിബിഐ അന്വേഷണത്തെ ചോദ്യം ചെയ്ത് മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷ് സമർപ്പിച്ച ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. കൽക്കട്ട ഹൈക്കോടതി അന്വേഷണം സിബിഐയെ ഏൽപ്പിച്ചിരിക്കുമ്പോൾ പ്രതിയെന്ന നിലയിൽ പൊതുതാൽപര്യ ഹർജിയിൽ ഇടപെടാൻ സന്ദീപ് ഘോഷിന് അധികാരമില്ലെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്ര ചൂഡ് അധ്യക്ഷനായ ബെഞ്ച്പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&